പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4987

27.6.2019 ൽ
മറുപടിക്ക്

## കെ.എ.എസ്. വിജ്ഞാപനത്തിനുള്ള കാലതാമസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | 2018 ജനുവരി ഒന്നിന് സംസ്ഥാനത്ത് നടപ്പാക്കിയ കെ.എ.എസിന്റെ അന്തിമ വിജ്ഞാപനം ഇനിയും പ്രസിദ്ധീകരിക്കാത്ത സാഹചര്യമെന്താണെന്ന് വെളിപ്പെടുത്താമോ; | എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (റൂൾസ്) എസ്.ആർ.ഒ. 861/2017 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റൂൾസിൽ വരുത്തേണ്ട ചില ഭേദഗതി നിർദ്ദേശങ്ങൾ പരിശോധനയിലാണ്. |
| ബി) | കരട് വിജ്ഞാപനത്തിന്റെ സംവരണ വ്യവസ്ഥയിൽ സർക്കാർ പിന്നീട് ഭേദഗതി നിർദ്ദേശിക്കുകയുണ്ടായോ; | (ബി) & (സി) | കെ.എ.എസ്.-ൽ സ്ട്രീം II, III എന്നിവയിൽ കൂടി സംവരണം ബാധകമാക്കുന്ന കാര്യം പരിഗണനയിലാണ്. |
| സി) | എങ്കിൽ കെ.എ.എസ്. നിയമനത്തിന്റെ മൂന്നുധാരകളിലും സംവരണം ഏർപ്പെടുത്തി കൊണ്ടുള്ളതല്ലേ പുതിയ ഭേദഗതി എന്ന് വ്യക്തമാക്കാമോ; | | |
| ഡി) | 2018 ജനുവരിയിൽ കെ.എ.എസ് പ്രാബല്യത്തിൽ വന്നെങ്കിലും ആ വർഷം പി.എസ്.സി.യുടെ വിജ്ഞാപനമുണ്ടാകാത്തതിനാൽ ഒട്ടേറെ പേർക്ക് പ്രായത്തിന്റെ പേരിൽ അവസരം നഷ്ടപ്പെട്ട സാഹചര്യം പരിശോധിക്കുകയുണ്ടായോ; | ഡി) | പ്രത്യേകം പരിശോധിച്ചിട്ടില്ല. |
| ഇ) | എങ്കിൽ ഇതിനുള്ള പരിഹാരമായി എന്തെങ്കിലും പുതിയ നിർദ്ദേശം അന്തിമ വിജ്ഞാപനത്തിൽ സർക്കാർ ഉൾക്കൊള്ളിക്കുമോ എന്നറിയിക്കാമോ? | ഇ) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ